**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങളിൽപെട്ടവർക്കുള്ള കടാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങളിൽപെട്ടവർ എടുത്ത അഞ്ചു ലക്ഷത്തിന് താഴെയുള്ള വായ്പകളിൽ മുതലും പലിശയുമായി വായ്പാതുകയുടെ ഇരട്ടിയെങ്കിലും അടച്ചിട്ടുള്ളവർക്ക് 2016-ൽ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന ആനുകൂല്യം ഇപ്പോഴും തുടരുന്നുണ്ടോ എന്ന് അറിയിക്കുമോ; എങ്കിൽ ഈ പദ്ധതി കൂടുതൽ പേർക്ക് ഗുണകരമാകുന്ന തരത്തിൽ വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പിൽ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്ന പദ്ധതി കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016 ലെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്ന പദ്ധതി നിലവിൽ ഇല്ല. |
| (ബി) | പട്ടിക വിഭാഗക്കാരുടെ കിടപ്പാടം ജപ്തി ചെയ്യുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികവിഭാഗക്കാരുടെ വായ്പാ കുടിശ്ശികകൾ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ ഈടാക്കുന്നതിനും, വായ്പകൾക്ക് ഈടായി വച്ചിട്ടുള്ള ഭൂമി ജപ്തി ചെയ്യുന്നതിനും ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് അധികാരം നൽകുവാൻ വ്യവസ്ഥ ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ സർഫാസി ആക്ട് - 2002 (Securitisation and Reconstruction of Financial Assets and Enforcement of Security Interest Act) നിലവിലുണ്ട്. ടി നിയമത്തിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ